**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്ന നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ സംവരണം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും, അവരുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ പി. എസ്. സി - യുടെ മാതൃകയിൽ സംവരണക്രമം പാലിക്കുന്നതിനായി GO(P)413/70/PD Dtd:21.12.1970 പ്രകാരം 100 പോയിന്റ് ഉള്ള സാമുദായിക സംവരണ പട്ടിക തയ്യാറാക്കി, സംവരണതത്വം പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾക്കായി ഉദ്യോഗാർത്ഥികളെ നാമനിദ്ദേശം ചെയ്യുന്നത്. അപ്രകാരം നൽകുന്ന നാമനിർദ്ദേശ പട്ടികയോടൊപ്പം നൽകുന്ന ആമുഖ കത്തിൽ നാമനിർദ്ദേശ പട്ടികയിൽ നിന്നും അതാത് സംവരണ വിഭാഗങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന ഒഴിവുകളിലേക്ക് ടി സംവരണ വിഭാഗങ്ങളിൽ നിന്ന് തന്നെ നിയമനം നൽകേണ്ടതാണെന്നും, യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകി നിയമന നടപടി പൂർത്തിയാക്കി വിവരം അറിയിക്കുവാനും നിർദ്ദേശം നൽകുന്നുണ്ട്. ആയതുപ്രകാരം ഉദ്യോഗദായകർ നിയമനവിവരം ലഭ്യമാക്കുമ്പോൾ ആയതിൽ സംവരണക്രമം കൃത്യമായി പാലിച്ചിട്ടുണ്ടോയെന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നു. സംവരണക്രമം തെറ്റിച്ച് നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ടി ഉദ്യോഗാർത്ഥിയെ പിരിച്ചുവിട്ട് സംവരണക്രമം പാലിച്ച് നിയമനം നടത്താൻ ഉദ്യോഗദായകന് നിർദ്ദേശം നൽകുന്നു.<br><br>സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലെയും, PSC-യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ (സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ സ്ഥിരം/ |

| | | | |
|---|---|---|---|
| | | | കരാർ/താൽക്കാലികം) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതും സ്ഥിരം ഒഴിവുകളിലേക്കുള്ള നിയമനങ്ങളിൽ സംവരണക്രമം, മുൻഗണന എന്നിവ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി അന്തിമമായി തെരഞ്ഞെടുത്ത് നിയമിക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഉദ്യോഗദായകർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അയച്ചുകൊടുത്ത് സ്ഥിരീകരണം ലഭിച്ചശേഷം മാത്രം നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് കർശന നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി സെൻറർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന നടത്തുന്ന നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ സംവരണം ഉൾപ്പെടെ യാതൊരുവിധ സംവരണക്രമങ്ങളും പാലിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസിസ് ആക്ടിന് വിരുദ്ധമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന ശുചിത്വ മിഷനിൽ നിയമനം നടന്നുവെന്നും, സംവരണക്രമം പാലിച്ചിട്ടില്ലായെന്നും അറിയിച്ച് ശ്രീമതി . സൗമ്യ. എം. എസ് എന്ന ഉദ്യോഗാർത്ഥിയുടെ പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ ശുചിത്വ മിഷനിൽ സ്ഥാപന പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ ഒഴിവുകൾ നിയമ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നിയമനം നടത്തേണ്ടതാണോയെന്ന് പരിശോധിച്ച് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെയുള്ള നിയമനങ്ങളിൽ ഒഴികെ മറ്റ് സ്ഥാപനങ്ങൾ മുഖേനയുള്ള നിയമനങ്ങളിൽ സംവരണക്രമം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിന് അധികാരമില്ല. |

സെക്ഷൻ ഓഫീസർ